**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1030** **29-08-2022 - ൽ മറുപടിയ്ക്ക്**

**കനാലുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കനാലുകളുടെ നവീകരണത്തിന് അനുവദിച്ചിട്ടുള്ള ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കനാലുകളുടെ നവീകരണത്തിനായി പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി സമയബന്ധിതമായി പ്രവൃത്തികൾ നടത്തി പൂർത്തീകരിക്കാറുണ്ട്. കനാലുകളിൽ വെള്ളക്കെട്ട് പോലുള്ള അവസ്ഥകൾ ഉണ്ടാകുമ്പോൾ മാത്രമാണ് പ്രവൃത്തികൾ നീണ്ടു പോകുന്ന സാഹചര്യം ഉണ്ടാകുന്നത്. |
| (ബി) | ചെങ്ങന്നൂർ മണ്ഡലത്തിലെ കനാലുകളുടെ നവീകരണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കാമോ; | (ബി) | ചെങ്ങന്നൂർ മണ്ഡലത്തിലെ പി.ഐ.പി കനാലുകളുടെ പുനരുദ്ധാരണത്തിനായി 31.03.2022-ലെ ജി.ഒ. (ആർ.റ്റി) നം. 264/20221/WRD പ്രകാരം 6.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് ഭരണാനുമതി അനുവദിച്ച ഹെഡ് ഓഫ് അക്കൗണ്ട് PRICE - 1 ൽ ഇല്ലാത്തതിനാൽ സാങ്കേതികാനുമതി ലഭ്യമാക്കുവാൻ സാധിച്ചില്ല. തുടർന്ന് എസ്റ്റിമേറ്റ് സോഫ്റ്റ് വെയറായ PRICE - 1 മാറുകയും PRICE -3 പ്രാബല്യത്തിൽ വരികയും ചെയ്തു. എന്നാൽ PRICE -3 യിലും ടി ബഡ്ജറ്റ് പ്രവൃത്തികളുടെ ഹെഡ് ഓഫ് അക്കൗണ്ട് ലഭ്യമായിരുന്നില്ല. ധനകാര്യവകുപ്പ് മുഖേന നടത്തിയ തുടർ പ്രവർത്തനങ്ങൾ വഴി ആഗസ്റ്റ് ആദ്യ വാരത്തിലാണ് PRICE -3ൽ ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടുത്താൻ കഴിഞ്ഞത്. ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് 31-ന് മുൻപ് സാങ്കേതികാനുമതി ലഭ്യമാക്കി സെപ്റ്റംബർ 15-നകം ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| | | | |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ പ്രധാന നദികളുടെ തീരങ്ങൾ പ്രളയത്തെ തുടർന്ന് തകർന്ന് സമീപവാസികൾക്കുണ്ടാകുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ